
# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2025 മാർച്ച് - ഏപ്രിൽ




In the One, we are one

# നിത്യതയിലേക്ക്...



Pope Francis




JUBILEE 2025

PILGRIMS OF HOPE



# സ്വസ്തി

2025 മാർച്ച് – ഏപ്രിൽ

രക്ഷാധികാരി

**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ

**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ

**ഫിലോമിന ജോഷി**

പത്രാധിപസമിതി

**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, ജിനി ബാറ്റൺ,**
**എബി റോഷിൻ, ഷാൾട്ടൻ കൊറയ,**
**ജോയൽ ജോണി**

ഉപദേശക സമിതി

**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**കെ.ജെ. ബെനഡിക്ട്**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)

## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
ഉത്ഥിതൻ
പുതിയൊരു തുടക്കം
പുഞ്ചിരിയുടെ പാപ്പ
ഇടവക വാർത്തകൾ

Layout : **L.F. Press, Manjummel**
Cover Design : **Shalton Correya Poovathumparambil**



എഡിറ്റോറിയൽ



# അനുഗ്രഹവീഥിയിൽ, അശ്വവേഗത്തിൽ

**ഫ്രാ**ൻസീസ് പാപ്പായുടെ ഭാരതസന്ദർശനം അസാധ്യമായതിൽ ഏറ്റവുമധികം ദു:ഖിച്ചതു കേരളീയരായിരുന്നു. ആ സങ്കടം തീർത്തുകളയാം എന്ന ദൈവനിശ്ചയത്തിന്റെ സമ്മാനമാണ് കേരളത്തെ മുൻപേ കണ്ടറിഞ്ഞ ലിയോ പതിനാലാമൻ പാപ്പാ! കേരളനാടിനെ വാത്സല്യത്തോടെ കാണുന്നു വെന്നു ഒന്നിലധികം തവണ ഈ നാട്ടിലെത്തി നമ്മോടു പറഞ്ഞ വ്യക്തിത്വം ആഗോള കത്തോലിക്കാ സഭയുടെ തലവനാകുന്നത്, പ്രാദേശിക സഭയ്ക്ക് ഗുണകരമാകുമെന്നതിൽ ആശങ്കയ്ക്കിടയില്ല. ഏതാണ്ട് ആയിരം വർഷങ്ങൾക്കു ശേഷമാണ് ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു മാർപാപ്പയെ ലഭിക്കുന്നതെന്നത് അല്മായരും ആശ്വാസപൂർവം കാണുന്നുണ്ടാവാം.

അഗസ്റ്റീനിയൻ സഭയുടെ പ്രയർ ജനറൽ ആയിരുന്ന റോബർട്ട് ഫ്രാൻസീസ് പ്രവോസ്തിനെ മെത്രാനായി പട്ടം നൽകിയതും കർദിനാളായി വാഴിച്ചതും ഫ്രാൻസീസ് മാർപാപ്പയാണ്. 2014 വരെ വൈദികനായിരുന്ന ഈ അഗസ്റ്റീനിയൻ സന്ന്യാസിയെ അശ്വവേഗത്തിലാണ് തിരുസ്സഭയിലെ സ്ഥാനലബ്ധികൾ തേടിയെത്തിയത്. ഫ്രാൻസീസ് പാപ്പായാണ് അദ്ദേഹത്തെ ലാറ്റിൻ അമേരിക്കൻ മെത്രാൻ സംഘത്തിന്റെ തലവനാക്കിയതും. നിർണായക കാലസന്ധിയിൽ സഭയെ നയിക്കാൻ ദൈവം ഫ്രാൻസീസ് പാപ്പാവഴി കണ്ടെത്തിയ ഇടയനായകനാണ് ലിയോ പതിനാലാമൻ.

അമേരിക്കയിലെ ഷിക്കാഗോയാണ് ജന്മഭൂമിയെങ്കിലും വികസിതമല്ലാത്ത പെറുവിലെ ഷിക്കലായോ കർമഭൂമിയാക്കിയ സന്ന്യാസിയുടെ തീക്ഷ്ണത അദ്ദേഹത്തിന്റെ വാക്കുകളിൽ ആദ്യമേ തിളങ്ങുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിതബുദ്ധി ആധുനിക കാലത്തെ പ്രതിസന്ധികളിലൊന്നായാണ് അദ്ദേഹം കാണുന്നത്. ദൈവശാസ്ത്രം പഠിക്കും മുൻപേ ഗണിത ശാസ്ത്രത്തിൽ ബിരുദം നേടിയ അറിവിന്റെ തലത്തിൽ നിന്നാണ് അലിവിന്റെ ഈ വാക്കുകൾ എന്നതും ശ്രദ്ധേയമാണ്. അടിമത്തം നിർത്തലാക്കാൻ ആഹ്വാനം ചെയ്ത ലിയോ പതിമൂന്നാമന്റെ കരുതൽ പേരിന്റെ പിൻഗാമിയും പിന്തുടരുന്നു.

**ജയ്സൺ റ്റി. ജോൺ,**
ചീഫ് എഡിറ്റർ





# ഇടയമൊഴി

**ഈ** മഹാജൂബിലി വർഷം സഭാമക്കൾക്ക് സന്തോഷവും സന്താപവും നിറഞ്ഞ വർഷം കൂടിയായിരുന്നു ലോകമന:സാക്ഷിയുടെ ശബ്ദം പോപ്പ് ഫ്രാൻസിസിന്റെ കടന്നുപോകൽ നികത്താനാവാത്ത നഷ്ടം തന്നെയായിരുന്നു. ലെയോ പതിനാലാമന്റെ പോപ്പ് പദവി സഭയെ കൂടുതൽ ശക്തിപ്പെടുത്തട്ടെ. വെല്ലുവിളികളെ നേരിട്ട് തിരുസഭയെ നയിക്കുവാൻ നമ്മുടെ പ്രാർത്ഥനയും സഭക്ക് ആവശ്യമാണ്. ലോകമെങ്ങുമുള്ള മിഷനറിമാർ കാരണം കൂടാതെ ആക്രമിക്കപ്പെടുന്നു. ക്രിസ്തുവിനെ പങ്കിട്ടു നൽകുന്നതിനും സുവിശേഷവേലക്കായും ജീവിതം സമർപ്പിച്ച എല്ലാവരെയും നമ്മുടെ നിത്യ പ്രാർത്ഥനയിൽ ഓർക്കുക. അത് അവരെ കൂടുതൽ ശക്തിപ്പെടുത്തും. ആധുനിക ലോകത്തിൽ നീതിക്കും പരസ്നേഹത്തിനും മാനുഷിക മഹത്വത്തിനും എതിരായി നടക്കുന്ന എല്ലാ കാര്യങ്ങളും ക്രിസ്തു സ്നേഹത്തിനും എതിര് നില്ക്കുന്നു. അക്രമരഹിതമായ പ്രവൃത്തിക്ക് യേശുനാഥൻ മൂല്യം കല്പിച്ചിരുന്നു. ആ പാതയിലൂടെ തന്നെ സഭാമക്കൾക്ക് യാത്ര ചെയ്യാനാവട്ടെ. ഒപ്പം തന്നെ നമ്മുടെ ഇടവകയെയും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളെയും ഈ വർഷത്തെ തിരുനാളിനെയും സമർപ്പിച്ചു പ്രാർത്ഥിക്കാം. തിരുനാൾ കമ്മിറ്റി ഏറ്റെടുത്തു ചെയ്യുന്ന "സ്വന്തമായി ഭവനം ഇല്ലാത്തവർക്ക് ഭവനം നൽകുക" എന്ന കർമ്മ പദ്ധതി എല്ലാവരുടെയും സഹായത്താൽ ഫല പ്രാപ്തിയിലേക്ക് എത്താനും കഴിയട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**
വികാരി





*ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ...*

**ജൂ**ബിലി വർഷത്തിൽ പ്രത്യാശയോടെ കാത്തിരിക്കാൻ സഭ ആവശ്യപ്പെടുമ്പോൾ, പ്രത്യാശ വഴി നമുക്ക് ലഭിക്കുന്ന സമാധാനവും സന്തോഷവും ആവുന്നത്ര അനുഭവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഈ ജൂബിലി വർഷത്തിൽ നമ്മുടെ ഇടവക തിരുനാളിനോടനുബന്ധിച്ച് ഉള്ള ഭവനനിർമാണ പദ്ധതി തീർച്ചയായിട്ടും ചില ഭവനങ്ങൾക്ക് പ്രത്യാശ നൽകുന്ന ഒന്നാണ്. അതിൽ പങ്കാളികളാകുന്ന ഏവരെയും നന്ദിയോടെ ഓർക്കുകയും തുടർന്നും അനേകരെ ഈ ഒരു നല്ല ഉദ്യമത്തിലേക്ക് ചേർക്കുവാൻ സാധിക്കട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു. സഭ ആകുന്ന ഭവനം ഒരുമിച്ച് പടുത്തുയർത്തുവാൻ ഇത് കാരണമാകട്ടെ.നമ്മുടെ ഇടവകയുടെ കരുതൽ ഓരോ മക്കളിലേക്കും എത്തുന്നതിനു ഇത് ഇടയാകട്ടെ. നമ്മുടെ ഐക്യം പുനരുദ്ധരിക്കുവാനും ഊട്ടി ഉറപ്പിക്കുവാനും ഈ നാളുകൾ ഇടയാക്കട്ടെ. ഈ പ്രത്യാശയുടെ വചനങ്ങളെ സ്വീകരിച്ച് ആത്മ വിശ്വാസത്തോടെ നമുക്ക് മുന്നോട്ടു പോകാം. ഇടവകയാകുന്ന കുടുംബത്തിന്റെ പുതിയ പുതിയ ഉദ്യമങ്ങൾ ദൈവകരങ്ങളിൽ സമർപ്പിച്ചു കൊണ്ട് കുടുംബപ്രാർത്ഥന സമയത്ത് പ്രത്യേമായി പ്രാർത്ഥിക്കുകയും കുടുംബയൂണിറ്റുകളിലും നമ്മുടെ കൂട്ടായ്മകളിലുമൊക്കെ ഇത് ചർച്ച ചെയ്യുകയും വലിയൊരു തുടക്കമായി തിരുനാളിനോടൊപ്പം ഒരു ഭവനമെന്ന സ്വപ്നം സഫലമാകണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ...!


*നിങ്ങൾ ദു:ഖിതരാകും; എന്നാൽ, നിങ്ങളുടെ ദു:ഖം സന്തോഷമായി മാറും.*


*യോഹന്നാൻ 16 : 20*

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**

സഹവികാരി

# ഉത്ഥിതൻ





**ഫാ. ഫിലിപ്പ് കാരിക്കശ്ശേരി ഒ.സി.ഡി.**

**I**

പാതിരാവായി നേരം
പാരെല്ലാമുറക്കമായ്
കൂരിരുൾ പരന്നെങ്ങും
പാതിരാക്കോഴി കൂകി
മിന്നാമിനുങ്ങുകളും
ചുറ്റിലും പറക്കുന്നു
താരങ്ങൾ മേലേ നിന്നു
താഴേയ്ക്കു നോക്കീടുന്നു
സ്വർഗത്തിൽ നിന്നിറങ്ങി
ദൂതരണി നിരന്നു
മിന്നൽ പിണറുകളും
ഇടിമുഴക്കങ്ങളും
ശക്തമാം ഭൂകമ്പവും
പരിഭ്രാന്തിയുണർത്തി
ശവക്കല്ലറകളും
സ്വയം തുറന്നുവന്നു
യേശുവിൻ കല്ലറയിൽ
ഉജ്ജ്വല പ്രഭാപൂരം
പ്രഭാവമോടെ നാഥൻ
ഉയിർത്തെഴുന്നേൽക്കുന്നു.

കാഹളനാദവുമായ്
മാലാഖമാരും വന്നു
പൂർവപിതാക്കളുമായ്
സ്തുതികൾ പാടിടുന്നു.
ക്രോവേന്മാർ സ്രാപ്പേൻമാരും
നവവൃന്ദവുമൊന്നായ്
മൃത്യുഞ്ജയനാമങ്ങേ
നാമം പ്രകീർത്തിക്കുന്നു.

**II**

നിസ്തുല പ്രഭാവനായ്
അതുല്യതേജസ്വിയായ്
കല്ലറയിങ്കൽ നിന്നും
യേശു ഉത്ഥാനം ചെയ്തു
എത്രമേൽ കാന്തി പൂരം
എന്തൊരു സൂര്യശോഭ
എന്തൊരു രൂപ ഭംഗി
എത്രമേൽ തേജോമയൻ
മൂന്നു ദിനങ്ങൾ മുന്നേ
വൃണിതഹൃദയരായ്

ശിഷ്യന്മാർ സംസ്കരിച്ച
യേശുവിൻ ദിവ്യ ദേഹം
എത്രയോ വികലമായ്
വൈരൂപ്യമാർന്നിരുന്നു
യൂദരും ഭടന്മാരും
തല്ലിച്ചതച്ച മേനി
കണ്ണുകൾ നിർജ്ജീവമായ്
ബീഭത്സരൂപം പൂണ്ടു
മുഖത്തു ചൈതന്യത്തിൻ
ലാഞ്ഛന പോലുമില്ല
ചോരയും വേർപ്പും മണ്ണും
പുരണ്ട കപോലങ്ങൾ
ചാട്ടവാറടിയേറ്റു
മുറിഞ്ഞ പൂമേനിയും
കുത്തിത്തുറക്കപ്പെട്ട
കൈകാലും ഹൃദയവും
മുൾക്കിരീടത്തിൻ വൃണം
ശിരസ്സിലാകെ കാണാം
കാട്ടു ജന്തുക്കൾ പാവം
ഇരയെയെന്നപോലെ
ചെന്നായ്ക്കൾ കുഞ്ഞാടിനെ
കടിച്ചുകീറും പോലെ
ചെകുത്താൻ ആവാസിച്ച
യൂദരും റോമാക്കാരും
മാന്തിക്കീറിയ ദൈവ
പുത്രന്റെ പൂമേനിയോ!!
താബോർ മലയിൽ കണ്ട
പ്രഭാവമെവിടെപ്പോയ്!
മർത്യാ നിൻ പാപമെത്ര
നിന്ദ്യമെന്നോർക്കാറുണ്ടോ?
മാലാഖമാരും പൂർവ്വ
പിതാക്കന്മാരുമൊന്നായ്
മുഖം മറച്ചീടുന്നു
കാണാൻ കരുത്തില്ലാതെ

III

ദയനീയമാ സ്ഥിതി
അപ്പാടെ മാറിപ്പോയി
സുന്ദരരൂപം പൂണ്ടു
തേജ:പുഞ്ജമായ് മാറി
സാത്താനെ കീഴടക്കി
പാപത്തെ നിഹനിച്ചു
മരണം തോറ്റുപോയി
ദൈവമഹത്വം നേടി
വിജിഗീഷുവായ് യേശു
വീണ്ടുമുയർത്തെണീറ്റു.
മരണം ജീവനായി
ജീർണത പുഷ്പമായി
തോൽവി വൻ വിജയമായ്
കൂരിരുൾ സൂര്യോദയം
മുൾമുടിയല്ല രാജ-
രാജന്റെ പൊൽകിരീടം
പീഡാസഹനങ്ങളും
കുരിശുമരണവും
പുനരുത്ഥാനവും ഞാൻ
മനസ്സിൽ ധ്യാനിക്കട്ടെ
പാപത്തെ വെടിയാം ഞാൻ
ജീവനെ പുൽകിടാം ഞാൻ
ഉത്ഥാനത്തിരുനാളിൽ
ഞങ്ങളുമുയിർക്കട്ടെ
സാത്താന്റെ ചങ്ങലകൾ
പൊട്ടിച്ചെറിഞ്ഞീടട്ടെ
പാപത്തിൻ കല്ലറയിൽ
നിന്നെണീക്കട്ടെ ഞങ്ങൾ
ജീവന്റെ പൂർണിമയിൽ
ഞങ്ങളാനന്ദിക്കട്ടെ
സ്വർഗത്തിൽ ഭൂമിയിലും
മഹത്വം നിനക്കെന്നും
സർവരുമൊന്നായ് പാടാം
അല്ലേലൂയാമ്മേൻ, ആമേൻ.

കഥ






ഷെമിൻസൺ ജാക്ക്
വാര്യത്ത്
ST. Sebastian A

# പുതിയൊരു തുടക്കം

**പ്ര**സാദ് തന്റെ പേരക്കിടാവിനെ സൂക്ഷിച്ചു നോക്കി.അവൻ പുത്തൻ ഉടുപ്പുകൾ അണിഞ്ഞ് പതിവിലും സന്തോഷവാനായി കണ്ടു.സാധാരണ ദിവസങ്ങളിൽ ആണെങ്കിൽ അവൻ കിടക്കയിൽ നിന്ന് എഴുന്നേറ്റ് പോലുമുണ്ടാകില്ല.പകരം അവനും അവന്റെ അമ്മയും തമ്മിൽ ഉറക്കത്തിൽ നിന്നും എഴുന്നേൽപ്പിക്കാനുള്ള ഒരു ഗുസ്തി മത്സരം ആയിരിക്കും നടന്നു കൊണ്ടിരിക്കുന്നത്.ഇതോർത്തപ്പോൾ പ്രസാദിന്റെ മുഖത്ത് ചെറുതായൊരു ചിരി വന്നു. ഒരു ശബ്ദം കേട്ട് അയാൾ പുറകോട്ട് തിരിഞ്ഞു നോക്കി.പ്രസാദിന്റെ ഭാര്യയും മരുമകളും നന്നായി വസ്ത്രം ധരിച്ച് പോകാൻ വീട് പൂട്ടി ഇറങ്ങാൻ തുടങ്ങുന്നു.പ്രസാദ് തന്റെ വസ്ത്രം നോക്കിയപ്പോൾ പോരാ എന്ന് തോന്നി.ഇനി ഇതൊക്കെ മാറി വേറെ ഒന്ന് ഉടുത്തു വരുമ്പോൾ ഓഫീസ് തുറക്കാൻ ഇനിയും വൈകും.പോരാത്തതിന് പേരക്കിടാവ് ആദ്യമായി സ്ക്കൂളിൽ എത്തുന്ന ദിവസവും.

പ്രസാദ് തന്റെ കാറിൽ കയറി സ്റ്റാർട്ട് ചെയ്തു വീടിന്റെ പുറത്തേക്ക് നീക്കിയിട്ടു.താൻ പഠിച്ച് ഇറങ്ങിയ സ്കൂളിലാണ് പേരക്കിടാവിനെയും ചേർത്തിരിക്കുന്നത്.തന്റെ സ്കൂൾ ഒന്നു ശരിയായി കാണുകയും ആവാം അയാളുടെ മനസ്സ് സന്തോഷത്താൽ നിറഞ്ഞു.പുറകിലെ ഡോർ തുറന്ന് മൂന്ന് പേരും കയറി എന്ന് ഉറപ്പായപ്പോൾ വണ്ടി വിദ്യാലയം ലക്ഷ്യമാക്കി ഓടിച്ചു തുടങ്ങി.

കാർ സ്ക്കൂളിനടുത്ത് എത്തിയപ്പോഴെക്കും തിരക്ക് തുടങ്ങിയിരുന്നു. ആളുകളുടെ ഇടയിലൂടെ വളരെ സാവധാനം കാർ സ്ക്കൂളിന്റെ പാർക്കിംഗ് എരിയായിലേക്ക് എത്തി ചേർന്നു.ഡോർ തുറന്ന് പുറത്തേക്ക് ഇറങ്ങിയ പ്രസാദ് ബലൂണുകളും വർണ തോരണങ്ങളും കൊണ്ട് ഭംഗിയായി അലങ്കരിച്ച  തന്റെ പഴയ സ്കൂൾ  കണ്ടിട്ട് അതിശയിച്ചു നിന്നു.അവർ നാല് പേരും പതുക്കെ ചുറ്റുമുള്ള കാഴ്ചകൾ കണ്ട് കൊണ്ട് വിദ്യാലയത്തിന്റെ പ്രധാന കെട്ടിടത്തിലേക്ക് നടന്നു നീങ്ങി.കുട്ടികളുടെ ചിരിയും കളിയും കരച്ചിലും കൂടെ വന്ന ആളുകളുടെ സംസാരവും കൊണ്ട് ആ പ്രദേശമാകെ  നിറഞ്ഞിരുന്നു. ചുറ്റുപാടുകൾ വളരെ നന്നായി വീക്ഷിച്ചു നടന്നിരുന്ന പ്രസാദിന് വളരെയധികം  സന്തോഷം മനസ്സിന് അനുഭവപ്പെട്ടു. തന്റെ സ്കൂൾ വളരെയധികം മാറ്റങ്ങൾ ഉൾക്കൊണ്ടതായി അയാൾക്ക് മനസ്സിലായി.

താൻ പഠിച്ച ഈ വിദ്യാലയത്തിലേക്ക് വീണ്ടും എത്തിയപ്പോൾ അയാൾ ഒരു വിദ്യാർത്ഥിയായി മാറിയതായി അയാൾക്ക് അനുഭവപ്പെട്ടു. പ്രധാന കെട്ടിടത്തിന്റെ ഉള്ളിലേക്ക് കയറി ചെന്ന അവരെ പ്രധാന അദ്ധ്യാപിക തൊഴുകൈയോടെ ചിരിച്ച് കൊണ്ട് എതിരേറ്റ് എല്ലാവർക്കും മിഠായിയും കുട്ടിക്ക് ചെറിയൊരു കളിപ്പാട്ടവും നൽകി.മിക്കി മൗസും, ഡൊണാൾഡ് ഡക്കും,ടോമും ജെറിയും, കുട്ടൂസനും ഡാകിനിയും, മായാവിയും, മനോഹരമായ പ്രകൃതി ദൃശ്യങ്ങളെ കൊണ്ടും ആ സ്കൂളിന്റെ ഭിത്തിയാകെ  മനോഹരമായി അലങ്കരിച്ചിരുന്നു.


ആ സ്കൂളിന്റെ ഇടനാഴിയിൽ അറ്റത്ത് പുറത്തായി നിന്ന പുളിമരം പ്രസാദിന്റെ ശ്രദ്ധയിൽ പെട്ടു.അയാൾ ആ മരത്തിന്റെ ചുവട്ടിലേക്ക് പതിയെ ചെന്നു.ഈ മരത്തിന്റെ അടിയിൽ ആയിരുന്നു ഞങ്ങളുടെ ടയർ വണ്ടിയും, ഓയിൽ സീൽ വണ്ടിയും,ചെരിപ്പിന്റെ വണ്ടിയും അത് ഓടിക്കുന്ന വടിയും പഠിക്കുന്ന സമയത്ത് ഒതുക്കി വെച്ചിരുന്നത് എന്ന് അയാൾ മനസ്സിൽ ഓർത്തു.ഈ വാഹനം ഓടിച്ചു കൊണ്ടായിരുന്നു അന്നൊക്കെ സ്കൂളിൽ പഠിക്കാൻ വരുന്നതും തിരിച്ചു വീട്ടിൽ പോയിരുന്നുതും.വണ്ടിയുടെ ഹോണിനായി ഓലപീപ്പികളും ഉപയോഗിച്ചിരുന്നു.ശരിക്കും പറഞ്ഞാൽ വണ്ടികളുടെ ഒരു വലിയ താവളം തന്നെ ആയിരുന്നു പുളി മര ചുവട്.പ്ലാവില കിരീടവും, ഓല വാച്ചും, ഓല കണ്ണടയും ധരിച്ചു എത്രയോ തവണ വല്യ പ്രതാപിയായി  സ്കൂളിൽ വന്നിരിക്കുന്നു.ഇത് കണ്ട് ചോദിച്ച സഹപാഠി കൾക്ക് ഇവയെല്ലാം തന്നെ ഒരു മടിയും കൂടാതെ കൈമാറിയിരിക്കുന്നു. ഈ പഴയ കാര്യങ്ങൾ ഓർത്തപ്പോൾ പ്രസാദിന് ചിരിയടക്കാൻ പാടു പെടേണ്ടി വന്നു.

ചില അനുഭവങ്ങൾ വീണ്ടും നമ്മെ പഴയ നല്ല ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ട് പോകും. ഈ സ്കൂളിൽ പഠിക്കാനായി വന്ന സമയത്ത് പോരുന്ന വഴിയിലുള്ള എല്ലാ മാവിൻ ചുവട്ടിലെയും പഴുത്ത മാങ്ങ പെറുക്കി തിന്നതും, പോക്കറ്റു നിറച്ചു നെല്ലി പുള്ളിയുമായി സ്കൂളിലെത്തി കൂട്ടുകാർക്ക് കൊടുത്തതും, ഇതിന്റെ ഒക്കെ കറയും മഷി പടർന്ന ഷർട്ടും ഞങ്ങളിൽ മിക്കവർക്കും തന്നെ ഉണ്ടായിരുന്നു. ഇതൊന്നും തന്നെ ഞങ്ങൾ ആരുടെയും സൗഹൃദങ്ങളെ ബാധിക്കില്ലായിരുന്നു. കുടുക്കു പൊട്ടിയ നിക്കറും,വളരെ വലിയ ഷർട്ടുമിട്ട് എത്രയോ പ്രാവശ്യം ആരുടെ ഒക്കെ മാവിലും പുളി മരത്തിലും കല്ലെറിഞ്ഞും വലിഞ്ഞു കയറിയുമുള്ള സ്ക്കൂൾ യാത്രകൾ.നല്ല ഒഴുക്കുള്ള തോട്ടിലെ കുഞ്ഞൻ പള്ളത്തിയേയും പൂച്ചാണ്ടിയും കൈ വെച്ച് പൊത്തി പിടിച്ചു ഒരു പാട് തവണ തിരിച്ചു വെള്ളത്തിൽ വെറുതെ വിട്ടിരിക്കുന്നു.മഴയത്ത് മഴ നനഞ്ഞ് സ്ക്കൂളിൽ പോകുന്നതും നല്ല ഹരമായിരുന്നു.സ്ലേറ്റ് മായിക്കാനുള്ള പച്ചകൾക്കായി ഞങ്ങൾ കല്ലു പെൻസിലുകൾ കൈമാറിയിരുന്നു.ഇത് ഞങ്ങളെ സ്ക്കൂൾ കാലഘട്ടത്തിൽ തന്നെ ഒരു ബാർട്ടർ സമ്പ്രദായത്തിന്റെ കണ്ണികൾ ആക്കി തീർക്കുകയായിരുന്നു. സ്കൂളിലെ ഈ പുളി മരത്തിലെ ചക്കര പുളി എത്രയധികം ഞങ്ങൾ കൂട്ടുകാർ കൂടി പറിച്ചു തിന്നിരിക്കുന്നു.ഈ കാര്യത്തിന് ചിലപ്പോഴൊക്കെ അദ്ധ്യാപകരുടെ തല്ലു കൊണ്ടിട്ടുണ്ടെങ്കിലും അതിനൊന്നും തന്നെ ഞങ്ങൾ ആവശ്യത്തിൽ കൂടുതൽ പ്രാധാന്യം കൊടുക്കാറില്ലായിരുന്നു.അയാൾ പുളി മരത്തിന്റെ വളരെ അടുത്തേക്ക് നടന്നു നീങ്ങി മുകളിലേക്ക് നോക്കി ഇപ്പോഴും ഈ പുളി മരം തളിർത്തു നിൽക്കുന്നു.അയാൾ ആ മരത്തിന്റെ തടിയിൽ ചെറുതായി ഒന്നു തലോടി. ചിരപരിചിത സുഹൃത്തിനെ കണ്ട ഭാവം കാണിക്കാനായി ആ മരം അതിന്റെ ചില്ലകൾ ചെറുതായി ഒന്നു താഴ്ത്തി.അടുത്ത് എവിടെയോ വളരെ മധുരമുള്ള ചന്ദ്രക്കാരൻ മാവ് ഉള്ള കാര്യം അയാൾ പെട്ടെന്ന് മനസ്സിലോർത്തു.അയാൾ ചുറ്റുമുള്ള പരിസരങ്ങൾ കാര്യമായി നിരീക്ഷിച്ചു.ആ പ്രദേശത്ത് അതിന്റെ ഒരു ലക്ഷണവും കാണാത്തതിനാൽ അയാൾ അവിടെ നിന്നും സ്കൂൾ മുറ്റത്തേക്ക് ഇറങ്ങി .ഓരോ തുടക്കങ്ങളും പുതിയൊരു ലക്ഷ്യത്തിലേക്കുള്ള യാത്രയാണ്...ഓരോ മാറ്റങ്ങളും, ഓരോ കടന്നു പോക്കുകളുമെല്ലാം നമ്മെ പുതിയ കാര്യങ്ങൾ ജീവിതത്തിൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു.., പ്രസാദ് തന്റെ മനസ്സിൽ കുറിച്ചിട്ടു കൊണ്ട് കാർ ലക്ഷ്യമാക്കി നടക്കാൻ തുടങ്ങി.......

●

# പുഞ്ചിരിയുടെ പാപ്പ





**ഫാ. വില്ല്യം നെല്ലിക്കൽ**
(വത്തിക്കാൻ റേഡിയോ മലയാള വിഭാഗം മുൻ മേധാവിയാണ് ലേഖകൻ)

ഫ്രാൻസീസ് മാർപാപ്പയുടെ സുരക്ഷാചുമതലയുള്ള സ്വിസ്ഗാർഡിൽപ്പെട്ട ഒരു ചെറുപ്പക്കാരൻ, പ്രോട്ടോക്കോൾ ലംഘിച്ച് അദ്ദേഹത്തിന്റെ ചെവിയിൽ പറഞ്ഞു: അടുത്തയാഴ്ച എന്റെ വിവാഹമാണ്.

'ഓഹോ ഞാൻ വരാം' എന്നായിരുന്നു പാപ്പായുടെ മറുപടി. വധുവും വരനും പള്ളിയിൽ എത്തിയപ്പോൾ ക്ഷണിക്കപ്പെട്ട സദസ്സിനു മുന്നിൽ മാർപാപ്പയും!

കർദിനാളായിരിക്കെ വത്തിക്കാനിലെത്തിയ അദ്ദേഹത്തെ ബാഗെടുക്കാൻ ഞാൻ സഹായിച്ചിട്ടുണ്ട്. വത്തിക്കാൻ റേഡിയോ മലയാള വിഭാഗത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട് കാണേണ്ടി വന്നപ്പോൾ അദ്ദേഹം അതോർത്തു. ഒപ്പം കാപ്പി കഴിക്കാനും ക്ഷണിച്ചു.

കർദ്ദിനാളായിരിക്കെ ചങ്ങാതിയായിരുന്ന ഫാ. ഫാബിയാനോ, ഫ്രാൻസീസ് പാപ്പയുമായുള്ള വ്യക്തിഗതമായ കൂടിക്കാഴ്ചയാണ പ്രതീക്ഷിച്ചതെങ്കിലും പാസ്സ് ലഭിച്ചില്ല. ഇതേ തുടർന്ന് പൊതുചടങ്ങിൽ പങ്കെടുക്കാൻ അദ്ദേഹം തീരുമാനിച്ചു. പൊതു കൂടിക്കാഴ്ചയ്ക്കായി നിൽക്കുന്ന നൂറു കണക്കിനാളുകൾക്കിടയിൽ നിന്നും ഫാബിയാനോ അച്ചനെ തിരിച്ചറിഞ്ഞ പാപ്പാ, അദ്ദേഹത്തെ ക്ഷണിച്ച് തന്റെ പാപ്പാ മൊബീലിൽ കയറ്റി കൊണ്ടുപോയി.

അർജന്റീന ഫുട്ബോൾ ടീമിന്റെ പതിവ് കുമ്പസാരം നടത്തിയിരുന്നത് അദ്ദേഹമായിരുന്നു. മറഡോണ എപ്പോഴും മാർപാപ്പയെ കാണാൻ എത്തിയിരുന്നു. മറഡോണയ്ക്ക് പ്രോട്ടോക്കോൾ നടപടികൾ വേണ്ടെന്ന് മാർപാപ്പ നിർദ്ദേശിച്ചിരുന്നു. ദാമോസ് എന്ന കെട്ടിടത്തിലെ 211-ാം മുറിയിലായിരുന്നു കർദ്ദിനാളായിരിക്കെ അദ്ദേഹം താമസിച്ചത്.

# മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥനയുടെ തുടക്കം



കുർബാന കഴിഞ്ഞ് ചാപ്പലിൽ ലോയോ 13-ാമൻ മാർപാപ്പ ഒരു സംഭാഷണം കേട്ടു. മൃദുവായ ശബ്ദത്തിൽ ദൈവവും മുരൾച്ചപോലെ സാത്താനും സംസാരിക്കുന്നു.

എനിക്ക് സഭയെ നശിപ്പിക്കാനാവും എന്നായിരുന്നു സാത്താന്റെ വെല്ലുവിളി. കഴിയുമെങ്കിൽ ചെയ്യൂ എന്ന് ദൈവവും.

എനിക്ക് കൂടുതൽ സമയവും അധികാരവും വേണം എന്ന് സാത്താൻ. എത്ര സമയവും എത്ര അധികാരവും എന്ന് ദൈവം തിരിച്ചു ചോദിച്ചു. 75 മുതൽ നൂറുവരെ വർഷങ്ങൾ; ഒപ്പം എന്നെ സേവിക്കാനും അനുസരിക്കാനും പോന്നവർ. അധികമുള്ളവിധം അധികാരം. ഈ സംഭാഷണം കേട്ട ലെയോ 13-ാമൻ പാപ്പായുടെ മുഖം വിവർണമായത്രേ. ഈ അനുഭവത്തെ തുടർന്ന്, ധ്യാനിച്ച് ലെയോ 13-ാമൻ മിഖായേൽ മുഖ്യദൂതനോടുള്ള പ്രാർത്ഥന എഴുതി തയ്യാറാക്കി, സാധാരണ കുർബാനയ്ക്കു ശേഷം വായിക്കണമെന്ന് നിർദ്ദേശിച്ചു.

1884 മുതൽ 1960 കളുടെ അവസാനം പുതുക്കിയ കുർബാന നിലവിൽ വരുംവരെ ഈ പ്രാർത്ഥന ചൊല്ലിയിരുന്നു. 1665-ലെ മാരകവ്യാധിയുടെ കാലത്ത്, മിഖായേൽ മാലാഖ ഇറ്റലിയിലെ മൗണ്ട് ഗാർഗാനോയിൽ പ്രത്യക്ഷപ്പെട്ടതിന്റെ വാർഷിക ദിനമായ മെയ് എട്ടിനാണ് ലെയോ 14-ാമൻ തെരഞ്ഞെടുക്കപ്പെട്ടത് എന്നതും സവിശേഷതയായി. ലെയോ 13-ാമൻ തുടങ്ങിവച്ച സംരക്ഷണത്തിന്റെ അർഥന ലെയോ 14-ാമനിലൂടെയും തുടരും എന്ന് വിശ്വാസികൾ പ്രത്യാശിക്കുന്നു.

## ഒരുമയുടെ മുദ്ര ചാർത്തി

**'ഒരേ ഒരു ദൈവത്തിൽ ഒന്നായി നമ്മൾ' എന്നതാണ് ലെയോ 14 – ാമൻ പാപ്പായുടെ ആപ്തവാക്യം.** In the One, we are one **എന്ന ഈ വാക്യം വിശുദ്ധ അഗസ്റ്റിൻ ക്രിസ്തുവിലുള്ള ഐക്യത്തെ വിശേഷിപ്പിച്ച ആശയമാണ്.**







# മഞ്ഞുമ്മൽ ഗേൾ അലീഷ ജിൻസൺ

നമ്മുടെ ഇടവകാംഗമായ 18 വയസ്സുകാരി അലീഷ ജിൻസൺ പ്ലസ് ടു വിദ്യാഭ്യാസത്തോടൊപ്പം തന്നെ ഇലക്ട്രിക് ഓട്ടോ റിക്ഷ ഓടിച്ച് കുടുംബം പോറ്റാൻ മുന്നിട്ടിറങ്ങി.ഒരു ഹൗസ് കീപ്പിംഗ് കോൺട്രാക്ടറായ പിതാവിന് ഒരു ബൈക്ക് അപകടത്തിൽ പരിക്കേറ്റതിനെത്തുടർന്നായിരുന്നു അവൾ ഇതിന് ഉദ്യമിച്ചത്. വെല്ലുവിളികളിൽ നിന്ന് പിന്മാറാതെ, വീട് നടത്താനുള്ള ഉത്തരവാദിത്തം അലീഷ ഏറ്റെടുത്തു. പഠനത്തിനു ശേഷം വൈകുന്നേരം 6 മുതൽ രാത്രി 10 വരെ സർവീസ് നടത്തുന്ന ഊബർ റൈഡുകളാണ് അവൾ പ്രധാനമായും ഓടിക്കുന്നത്. അവൾ ഉപയോഗിക്കുന്ന KL 41 U 8639 എന്ന ഓട്ടോറിക്ഷ, പിതാവ് ജിൻസന്റേതാണ്. 2024 ഓഗസ്റ്റ് 25 ന് 18 വയസ്സ് തികഞ്ഞ ഉടൻ തന്നെ അലീഷ ഡ്രൈവിംഗ് ലൈസൻസ് നേടി. പത്തടിപ്പാലത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗിന്റെ സെന്ററിൽ കൊമേഴ്സ് വിദ്യാർത്ഥിനിയാണ് ഇപ്പോൾ അലീഷ. ഫാഷൻ ഡിസൈനിംഗിൽ ഒരു ഹ്രസ്വകാല കോഴ്സും അവൾ പൂർത്തിയാക്കി. അവളുടെ മൂത്ത സഹോദരൻ ജോഷ്വ, പിതാവിന്റെ പാത പിന്തുടർന്ന്, ഹൗസ് കീപ്പിംഗിൽ ജോലി ചെയ്യുന്നു.

സോളോ സൈക്ലിംഗ് യാത്രകൾ ഇഷ്ടപ്പെടുന്ന അവൾ, ആലപ്പുഴ, ഫോർട്ട് കൊച്ചി ബീച്ച് തുടങ്ങിയ സ്ഥലങ്ങളും ഓട്ടോറിഷ യാത്രകളിലൂടെ എറണാകുളം ജില്ലയിലെ ഭൂരിഭാഗവും സഞ്ചരിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഉടനീളം സോളോ യാത്രകൾ ചെയ്യുക എന്നതാണ് ഒരു നാടോടി ഗായിക കൂടിയായ അവളുടെ സ്വപ്നം. ഇതുവരെ അവൾക്ക് നല്ല അനുഭവങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നവൾ പറയുന്നു. ട്രെയിലർ ലോറികൾ ഓടിക്കാനുള്ള ലൈസൻസും അവളുടെ ഒരു സ്വപ്നമാണ്. കേരള സവാരിയുടെ ബ്രാൻഡ് അംബാസിഡർ കൂടിയാണ് മഞ്ഞുമ്മലിന്റെ അഭിമാനമായ അലീഷ ജിൻസൺ.

Congratulations

# Wedding

18/05/2025

## Adharsh
## Mishma





Congratulations

# Wedding

29-9-2024

## Emanual Akhil Stephen
## Agila



ഉണിച്ചിറ സാൻ ജുവാൻ
സെമിനാരിയിലേക്ക്
ഡയറക്ടറായി നിയമിതനായ
ഡാനി ആന്റണി അച്ചന്
ഇടവകയുടെ

## പ്രാർത്ഥനാശംസകൾ

*Congratulations*

# Wedding

11 - 05 - 25

## Alan ♥ sona



പുതിയ സഹവികാരി
ആൽബിൻ തോമസ് തറയിൽ അച്ചന്
മഞ്ഞുമ്മൽ അമലോൽഭവ മാതാ
ഇടവകയിലേക്ക്

# സ്വാഗതം





നമ്മുടെ ഇടവകയിലെ

## അൽത്താര ശുശ്രൂഷകർ



2026-26 അധ്യയാന വർഷത്തെ വിശ്വാസ പരിശീലന ക്ലാസുകളുടെ ഉദ്ഘാടനം, ബഹുമാനപ്പെട്ട വികാരി അഗസ്റ്റിൻ സ്റ്റീജൻ അച്ചൻ ജൂൺ 1ാം തിയതി ഞായാറാഴ്ച രാവിലെ 7.30 ദിവ്യബലിക്ക് നടത്തി . അസിറ്റന്റ് വികാരി ആൽബിൻ തോമസ് അച്ചൻ , വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന യൂണിറ്റിന്റെ സെക്രട്ടറി ശ്രീ.ജോസ് ഡിക്സൺ , കേന്ദ്ര സമിതി ലീഡർ ശ്രീ.ബെനഡിക്റ്റ് , മഞ്ഞുമ്മൽ വിശ്വാസ പരീശലന യൂണിറ്റ് HM ആന്റണി രാജു , പി ടി എ ലീഡർ ശ്രീ ബിനു ജോസഫ് , കുട്ടികളുടെ പ്രതിനിധികളും സന്നിഹിതരായിരുന്നു.



**ആദ്യ കുർബാന സ്വീകരണം നടത്തിയ കുട്ടികൾ ആന്റണി വാലുങ്കൽ പിതാവിനൊടൊപ്പം**

# മഞ്ഞുമ്മൽ
# സുവിശേഷ മഹോത്സവം - 2025

മെയ് 7 മുതൽ 11 വരെ മഞ്ഞുമ്മൽ സി.ആർ.സി.യുടെ നേതൃത്വത്തിൽ സുവിശേഷ മഹോത്സവം നടത്തി. മെയ് 6-ാം തീയതി കേരളത്തിലെ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിലെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖനും അനുഗൃഹീത വചന പ്രഘോഷകനും മാതൃകാ കർമലീത്ത സന്യാസ വൈദീകനുമായിരുന്ന ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരിയുടെ 25 -ാം ചരമവാർഷിക അനുസ്മരണം നടത്തി.

ഒന്നാം ദിനമായ മെയ് 7-ാം തീയതി വൈകിട്ട് 5 മണിക്ക് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ ഉദ്ഘാടന തിരി തെളിയിച്ച് പരിശുദ്ധകുർബ്ബാന നടത്തി. 6.00ന് ബൈബിൾ പ്രതിഷ്ഠ വെരി റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡി. റവ. ഫാ. പ്രസാദ് തെരുവത്ത് ഒ.സി.ഡി., വെരി റവ ഫാ. സക്കറിയാസ് പാവനത്തറ എന്നിവർ പങ്കെടുത്തു. ആ ദിനം ജനതകളുടെ സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള നിയോഗമായിരുന്നു.

രണ്ടാം ദിനമായ മെയ് 8ന് യുവജനങ്ങൾക്കുവേണ്ടിയുള്ള നിയോഗം ആയിരുന്നു. മോൺ. റോക്കി റോബിൻ കളത്തിലിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി നടത്തി. മൂന്നാം ദിനമായ വെള്ളിയാഴ്ച കുടുംബങ്ങൾക്കുവേണ്ടിയുള്ള നിയോഗം ആയിരുന്നു. റവ.ഫാ. ആന്റണി കാനപ്പിള്ളി ഒ. സി.ഡി.യുടെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. നാലാം ദിനമായ ശനിയാഴ്ച സമർപ്പിതർക്കുവേണ്ടിയായിരുന്നു നിയോഗം. വെരി റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡി.യുടെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി. പ്രഭാഷണം റവ.ഫാ. റാഫ്സൺ പീറ്റർ ഒ.സി.ഡി. സമാപന ദിനമായ മെയ് 11 ഞായറാഴ്ച റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കലിന്റെ മുഖ്യകാർമകത്വത്തിൽ ദിവ്യബലി അർപ്പിച്ചു. ദേശത്തിന് വേണ്ടിയായിരുന്നു നിയോഗം. തുടർന്ന് റവ.ഫാ. റാഫ്സൺ പീറ്റർ ഒ.സി.ഡി. നയിച്ച ആരാധന നമ്മുടെ നാടിനെ തന്നെ വിശുദ്ധീകരിക്കുന്ന രീതിയിലുള്ളതും എല്ലാവരെയും ആത്മീയമായി ഒരുക്കുകയും ചെയ്യുന്നതുമായിരുന്നു. എല്ലാ ദിവസങ്ങളിലും സ്നേഹവിരുന്ന് ഉണ്ടായിരുന്നു. സുവിശേഷ മഹോത്സവ വിജയത്തിനായി ഒത്തിരി അംഗങ്ങളും സി.ആർ.സി അച്ചന്മാരും മാസങ്ങളോളം പ്രാർത്ഥനയോടെ നന്നായി ഒരുങ്ങി. എല്ലാവരുടേയും കൂട്ടായ പ്രവർത്തനംകൊണ്ട് സുവിശേഷമഹോത്സവം വിജയകരമാക്കാൻ നമുക്ക് സാധിച്ചു.

സുവിശേഷ മഹോത്സവത്തിന്റെ മുന്നോടിയായി നാൽപ്പതോളം പള്ളികളിലായി നാല് ദിവസം ഫാ. ബോബി സേവ്യർ ഒ.സി.ഡിയുടെയും മരിയൻ പ്രയാണ കമ്മിറ്റിയുടെയും നേതൃത്വത്തിൽ മാതാവിന്റെ തിരുസ്വരൂപ പ്രയാണം നടത്തി. സി. ആർ.സി. ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര ഒ.സി.ഡി., സുവിശേഷ മഹോത്സവം ജനറൽ കൺവീനർ ഫാ. ആന്റണി കവുങ്ങുവളപ്പിൽ ഒ.സി.ഡി., ഇടവക വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., സഹവികാരി ഡാനി ആന്റണി ഒ.സി.ഡി., സുവിശേഷ മഹോത്സവ കമ്മിറ്റി, കേന്ദ്രനിർവാഹക സമിതി എന്നിവരുടെ നേതൃത്വത്തിൽ സുവിശേഷ മഹോത്സവം ആഘോഷപൂർവം നടത്തപ്പെട്ടു. എല്ലാ കമ്മിറ്റി അംഗങ്ങൾക്കും ഇടവകജനത്തിനും നന്ദി...










# 40 മണിക്കൂർ ആരാധനയ്ക്കു സമാപനം

നമ്മുടെ ഇടവകയിൽ ഏപ്രിൽ 4, 5, 6 ദിനങ്ങളിൽ 40 മണിക്കൂർ ആരാധന നടത്തി. സമാപന ദിവസമായ ഏപ്രിൽ 6–ാം തീയതി രാവിലെ 7 മണിക്ക് വെരി റവ. ഫാ. സക്കറിയാസ് പാവനത്തറ (ഫെറോന വികാരി, കളമശ്ശേരി)–യുടെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി നടത്തി. തുടർന്ന് വൈകിട്ട് 5 മണിക്ക് ആരാധന ബി.സി.സി. ഡയറക്ടർ റവ. ഫാ. യേശുദാസ് പഴമ്പിള്ളി അച്ചൻ നയിച്ചു. 6–ന് വെരി റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡി. (പ്രൊവിൻഷ്യാൾ, മഞ്ഞുമ്മൽ പ്രൊവിൻസ്) യുടെ സമാപന ആശീർവാദത്തോടെ 40 മണിക്കൂർ ആരാധനയ്ക്കു സമാപനം കുറിച്ചു.

## ഓശാന ഞായർ

ഏപ്രിൽ 13 ഞായറാഴ്ച ഓശാന ഞായർ രാവിലെ 5.45ന് കുരുത്തോല വെഞ്ചരിപ്പ് സെന്റ് ജോസഫ് ആശുപത്രിയിൽ നിന്നും പ്രദക്ഷിണമായി ദേവാലയത്തിൽ എത്തി. മതാദ്ധ്യാപകരുടെ നേതൃത്വത്തിൽ ഓശാനയുടെ ദൃശ്യവിരുന്നൊരുക്കി. (കുട്ടികളുടെ ഡാൻസ്) അന്നേ ദിനത്തിന്റേതായ പവിത്രതയോടുകൂടി ദേവാലയത്തിലെത്തി. തുടർന്ന് ദിവ്യബലി അർപ്പിച്ചു. അന്ന് വൈകുന്നേരം 5.30ന് ബ്ലോക്കുകളുടെ നേതൃത്വത്തിൽ 4 സ്ഥലങ്ങളിൽ നിന്നും കുരിശിന്റെ വഴി ആരംഭിച്ച് 6.30ന് ദേവാലയത്തിലെത്തിച്ചേർന്നു.

## രോഗി ദിനമായി ആചരിച്ചു

ഏപ്രിൽ 16–ാം തീയതി ജൂബിലി വർഷത്തോടനുബന്ധിച്ച് കുമ്പസാരം, ദിവ്യബലി, രോഗീലേപന ശുശ്രൂഷ എന്നിവ രോഗികൾക്കായി നടത്തി.

## പെസഹാവ്യാഴം

ഏപ്രിൽ 17 പെസഹാ വ്യാഴാഴ്ച വൈകിട്ട് 6–ന് തിരുവത്താഴ ബലിയർപ്പിച്ചു. പാദക്ഷാളന കർമം നടത്തി. തുടർന്ന്, 12 മണിവരെ പരിശുദ്ധ കുർബാനയുടെ ആരാധന നടത്തി.



*പാദക്ഷാളന കർമത്തിൽ പങ്കെടുത്തവർ വികാരി അച്ചനോടും കൊച്ചച്ചനോടുമൊപ്പം.*

## ദു:ഖവെള്ളി

ഏപ്രിൽ 18 ദു:ഖവെള്ളി രാവിലെ 7 മണിക്ക് കുരിശിന്റെ വഴി ദേവാലയത്തിൽ നിന്നാരംഭിച്ച് ഗോഡൗൺ ജംഗ്ഷൻ വരെ പോയി തിരിച്ചുവന്നു. യേശുവിന്റെ പീഡാസഹനത്തിന്റെ ദൃശ്യാവിഷ്കരണം മതാദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തി. വൈകിട്ട് 3.30-ന് തിരുക്കർമങ്ങൾ ആരംഭിച്ചു.

## കുടുംബപ്രേഷിത കോ-ഓർഡിനേറ്റേഴ്സ് യോഗം

ഏപ്രിൽ മുപ്പതാം തീയതി നമ്മുടെ ഇടവകയിലെ കുടുംബപ്രേഷിത കോഡിനേറ്റേഴ്സിന്റെ യോഗം വികാരിയച്ചന്റെ അധ്യക്ഷതയിലും കുടുംബ പ്രേഷിത കോഡിനേറ്റർ ശ്രീ ഫ്രാൻസിസ് ഡിക്രൂസിന്റെ നേതൃത്വത്തിലും കാർമൽ ഹാളിൽ വച്ച് നടത്തി.

## മാതൃദിനം ആഘോഷിച്ചു




മെയ് 18-ാം തീയതി രാവിലെ നമ്മുടെ ഇടവകയിൽ മാതൃദിനം ആഘോഷിച്ചു. രാവിലെ 9 മണിക്കുള്ള ദിവ്യബലിക്ക് അമ്മമാർ നേതൃത്വം നൽകി.

വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ദിവ്യബലി അർപ്പിച്ചു. തുടർന്ന്, കാർമൽ ഹാളിൽ വച്ച് മാതൃസംഗമവും നടത്തി. മാതൃസംഗമത്തിൽ മാതൃവേദി പ്രസിഡന്റ് ശ്രീമതി ജിസ് തെരേസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. മാതൃസംഗമം ഉദ്ഘാടനം ചെയ്തു. സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി. മുഖ്യപ്രഭാഷണം നടത്തി. കേന്ദ്രനിർവാഹക സമിതി ലീഡർ കെ.ജെ. ബെനഡിക്ട്, സെക്രട്ടറി ജിനി ബാറ്റൻ, സെന്റ് ജോസഫ് ഹോസ്പിറ്റൽ നഴ്സിങ് സൂപ്രണ്ട് സിസ്റ്റർ സംഗീത എന്നിവർ ആശംസകൾ നേർന്നു.

ഫിലോമിന ജോഷി സ്വാഗതവും, റീന ബെനഡിക്ട് റിപ്പോർട്ടും, ഷൈനി ടൈറ്റസ് വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. ഫിലോമിന ഹെൻറി കൃതജ്ഞത രേഖപ്പെടുത്തി. ഭാരത മാതാ കോളേജ് റിട്ട. പ്രൊഫസർ ശ്രീമതി കൊച്ചുറാണി ജോസഫ് അമ്മമാർക്ക് ക്ലാസ്സ് എടുത്തു. ശ്രീമതി ലിസ്സി സ്റ്റാൻലി ലക്കി മദർ ആയി തിരഞ്ഞെടുക്കപ്പെട്ടു. സെന്റ് ജോസഫ് ഹോസ്പിറ്റൽ സൂപ്രണ്ട് സിസ്റ്റർ സംഗീതയുടെയും സിസ്റ്റർ നീനയുടെയും നേതൃത്വത്തിൽ ഹോസ്പിറ്റൽ ടീം സി.പി.ആർ.നെക്കുറിച്ചും മറ്റ് പ്രഥമ ശുശ്രൂഷകളെക്കുറിച്ചും ബോധവത്ക്കരണ ക്ലാസ് നടത്തി. തുടർന്ന് അമ്മ മാരുടെ കലാപരിപാടികളും ഉണ്ടായിരുന്നു.




# ധന്യനായ സക്കറിയാസച്ചന്റെ 68-ാം ചരമവാർഷികം



ധന്യനായ സക്കറിയാസച്ചന്റെ 68-ാം ചരമവാർഷികം 23.5.2025 വെള്ളിയാഴ്ച 3.30ന് കോട്ടപ്പുറം രൂപതാ അധ്യക്ഷൻ **അഭിവന്ദ്യ അംബ്രോസ് പിതാവിന്റെ** മുഖ്യ കാർമികത്വത്തിൽ നമ്മുടെ ദേവാലയത്തിൽ വച്ച് ആചരിച്ചു.

## ഉയിർപ്പ് തിരുനാൾ



2025 ഏപ്രിൽ 19 വലിയ ശനിയാഴ്ച തിരുക്കർമങ്ങൾ 10.30-ന് ആരംഭിച്ചു. തീ, തിരി, വെള്ളം വെഞ്ചരിപ്പും ജ്ഞാനസ്നാന വ്രത നവീകരണം, പെസഹാ പ്രഘോഷണം, ദിവ്യബലി. ദിവ്യബലിക്കുശേഷം പ്രദക്ഷിണവും ഉണ്ടായിരുന്നു. തുടർന്ന് ഈസ്റ്റർ എഗ്ഗ് പരസ്പരം പങ്കുവച്ചു.

ദിവ്യബലി മധ്യേ യേശുവിന്റെ ഉയിർപ്പിന്റെ ദൃശ്യാവിഷ്കാരം ഡേവിസ് പി.ഡി., ജെയ്സൺ റ്റി. ജോൺ, ബിജു ചാണയിൽ എന്നിവരുടെ നേതൃത്വത്തിൽ വളരെ മനോഹരമായി നടത്തി. അതിൽ ഏകദേശം 100-ൽ പരം ഇടവകാംഗങ്ങളായ കലാകാരന്മാർ അണി നിരന്നു.

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ



മഞ്ഞുമ്മൽ വിശ്വാസ പരിശീലന യൂണിറ്റിന്റെ നേതൃത്വത്തിൽ ഓശാന ഞായറാഴ്ചത്തെ യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനം പുനരാവിഷ്കരിച്ചതിൽ പങ്കെടുത്ത 11, 12, 13 ക്ലാസ്സുകളിലെ കുട്ടികൾ.

## അഭിനന്ദനങ്ങൾ!!!...



വരാപ്പുഴ അതിരൂപതാ മത്സര പരീക്ഷയ്ക്കു മൂന്നാം സ്ഥാനം നേടിയ മഞ്ഞുമ്മൽ അമലോത്ഭവമാതാ വിശ്വാസ പരിശീലന യൂണിറ്റ് പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയും, ആരാധന A യൂണിറ്റ് അംഗവുമായ പുത്തൻ വീട്ടിൽ, പി.ജി. ക്രിസ്റ്റഫർ ജോൺസൺന്റെയും വിജി ക്രിസ്റ്റഫറിന്റെയും മകൾ ആവലിൻ മരിയ ക്രിസ്റ്റഫറിന് അഭിനന്ദനങ്ങൾ...!



വിശ്വാസ പരിശീലന യൂണിറ്റിലെ അധ്യാപകരും, കുട്ടികളും ചേർന്ന് ദു:ഖ വെള്ളിയാഴ്ച്ച കുരിശിന്റ വഴിയിൽ ഒന്നാം സ്ഥലത്തിന്റെ ദൃശ്യാവിഷ്കാരം നടത്തിയതിൽ പങ്കെടുത്തവർ.

## വിശ്വാസോത്സവം 2025

വിശ്വാസ പരിശീലന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കായുള്ള വിശ്വാസോത്സവം-2025 ഇടവക ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 3 വിഭാഗങ്ങളിലായി 22, 23 തീയതികളിൽ രാവിലെ 7 മണി മുതൽ 11:30 മണി വരെയാണ് ക്യാമ്പ് നടത്തിയത്. അതിരൂപതയിൽ നിന്നുള്ള വൈദീക വിദ്യാർഥികളാണ് ക്യാമ്പ് നയിച്ചത്.



**Ann Maria Malcom**
Class IX B
Carmel A Unit



## മതബോധന വാർത്ത

## ആദ്യകുർബാന

03/05/25 ഇടവകയിൽ ആദ്യകുർബാന സ്വീകരണം മതബോധന വിഭാഗത്തിന്റ നേതൃത്വത്തിൽ ഇടവക ദേവാലയത്തിൽ വച്ചു നടത്തപ്പെട്ടു. 49 കുട്ടികൾ അന്നേദിനം ആദ്യ കുർബാന സ്വീകരിച്ചു. ഇതിനു മുന്നോടിയായുള്ള ദിവസങ്ങളിൽ കുട്ടികൾക്ക് കുമ്പസാരവും മാതാപിതാക്കൾക്ക് ധ്യാനവും ദേവാലയത്തിൽ വച്ചു നടത്തി.

## സ്ഥൈര്യലേപനം

ഈ വർഷത്തെ സ്ഥൈര്യലേപനം 15 മെയ് 2025, വൈകുന്നേരം 5.30ന് മഞ്ഞുമ്മൽ അമലോത്ഭവ മാതാ പള്ളിയിൽ വച്ചു വരാപ്പുഴ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിന്റെയും, മോൺസിഞ്ഞോർ മാത്യു കല്ലിങ്കലിന്റെയും, കാർമികത്വത്തിൽ നടത്തപ്പെട്ടു. 140 കുട്ടികൾ ആണ് ഈ വർഷം സ്ഥൈര്യലേപന സ്വീകരണത്തിന് ഉണ്ടായിരുന്നത്.

## യുവജന വാർത്തകൾ



### അഭിനന്ദനങ്ങൾ!!!...

BA English -ൽ 6th rank നേടിയ മഞ്ഞുമ്മൽ ആരാധന - B കുടുംബ യൂണിറ്റ് അംഗവും ഇരിങ്ങോലിൽ ബെനിൽഡിന്റേയും ഷിനറ്റിന്റേയും മകളുമായ **അലീന ബെനിൽഡിന്** അഭിനന്ദനങ്ങൾ....!

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.

# അഭിനന്ദനങ്ങൾ!!!...



2025 ഫെബ്രുവരി മാസം കാൺപൂരിൽ (UP) All India university football championship -ൽ M.G. University- യെ പ്രതിനിധീകരിച്ച അക്ഷയ് ആന്റണിക്ക് അഭിനന്ദനങ്ങൾ...!

South Zone Inter University Championship ഫൈനലിൽ Best Player ആയി അക്ഷയ് ആന്റണിയാണ് തിരഞ്ഞെടുക്കപ്പെട്ടത്. 12-ാം വയസ്സിൽ തുടങ്ങിയ Football യാത്രയാണ് അക്ഷയ് ആന്റണിയുടേത്. F.F. Academy Eloor, Kerala Blasters under 14, Kollam prodgy F.A., Muthoot Academy, Kollam schools subardo cup state championship, റിലയൻസ് കപ്, under 15 I league, 2022 Kerala Premier League- state champion ആയ Golden Threads Club, 2023-ൽ കർണാടക സൂപ്പർ ലീഗ്,, 2025 Kerala, Premier League PFC Kerala Thrissur, ന് വേണ്ടിയും ഈ വർഷത്തെ (2025) State Championship നേടിയ Kottayam Jilla senior team ലും നിരവധി അക്കാദാമികൾക്കും ക്ലബ്ബുകൾക്കും പ്രമുഖ ടൂർണമെന്റുകൾക്ക് വേണ്ടിയും കളിച്ച അനുഭവ സമ്പത്താണ് അക്ഷയ് ആന്റണിയുടേത്.

Football - ൽ വളരുന്നതോടൊപ്പം പഠനവും കൊണ്ടുപോവുകയാണ് ഈ മിടുക്കൻ. അക്ഷയ് ഇപ്പോൾ കോട്ടയം Mar Baselios College -ൽ M.com ന് പഠിക്കുന്നതോടൊപ്പം M.G. University യുടെ കരുത്തനായ Midfielder ആയി മുന്നേറുകയാണ് St. Joseph JNM unit അംഗങ്ങളായ കാഞ്ഞൂക്കാരൻ ആന്റണിയുടെയും സിജിയുടെയും പുത്രനായ ഈ മഞ്ഞുമ്മൽകാരൻ.



## നവാതിഥികൾ

# നവാതിഥികൾ

1) **നഥാനിയ എലിസബത്ത്**
D/o കൊല്ലംപറമ്പിൽ അഖിൽ ആൽബർട്ട് & നിത്യാ ജോസഫ്

2) **റുവാൻ റെനിൽ**
S/o കോച്ചേരി റെനിൽ റാഫേൽ & നമൃത ബാബു

3) **ക്ലെയർ ക്രൈഫിൻ**
D/o അന്തിക്കാട് ക്രൈഫിൻ ക്ലീറ്റസ് & ലാൻസി വിൻസെന്റ്

4) **ഇവ മറിയം നിഥിൻ**
D/o എടത്തുരുത്തിൽ നിഥിൻ തോമസ് & മോനിക്ക രേഷ്മ

5) **ഇവാനിയ മറിയം നിഥിൻ**
D/o എടത്തുരുത്തിൽ നിഥിൻ തോമസ് & മോനിക്ക രേഷ്മ

6) **അന്ന ഹേസൽ കിരൺ**
D/o പോളക്കൽ കിരൺ & ബെന്റ്ലില കൊറയ

## ഒന്നായവർ

1) അട്ടിപ്പേറ്റി **ഇമ്മാനുവൽ അഖിൽ സ്റ്റീഫൻ** & തുണ്ടത്തിൽ **അഗില റോസ് മേരി**



# നിത്യതയിലേക്ക്



**സബ്ജൻ ജോസഫ്**
കാട്ടാശ്ശേരി



**ആന്റണി**
കാഞ്ഞൂക്കാരൻ



**പൈലി**
കൊല്ലംപറമ്പിൽ



**ത്രേസ്യാമ്മ ചീക്കുട്ടി**
ആഞ്ഞിലിക്കാട്ട്



**ആൻസെൽ**
വെളുത്തേപ്പിള്ളി



**മനോജ്**
അന്തിക്കാട്



**ജെമ്മ ജോസഫ്**
പള്ളിപ്പറമ്പിൽ



**ബേബി**
അമ്പലത്തുംപറമ്പിൽ



**നോബൽ റൊസാരിയോ**
അഴിക്കകത്ത്



Baptism

11.05.2025

# Michaela Izabel

D/o Mijo E.F
Emmatty House
&
Shaniya Correya

Baptism

08.02.2025

# Ian Noah Titto

S/o Titto Benny
&
Ava Titto
Thaiparambil House



